# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION - Reg.No.ER/308/07

**(Under the Holy Apostolic See of Antioch and All the East)**

*General Secretary,*

CHEV.M.J.MARKOSE
MAMALAYIL, EZHAKKARNAD P.O.
PUTHENCRUZ - 682308
PH: 0485 2246211, 9745046911,8073580719

M.J.S.S.A. HEAD QUARTERS
Puthencruz - 682 308
Kerala, India
Ph & Fax : 0484-2730150, 8078157150
Website : www.mjssa.in
Email : mjssahq@gmail.com

No. M/C/004/ 2018

Date:11-06-2018

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

ദൈവകൃപയാൽ നമ്മുടെ പ്രവർത്തനങ്ങൾ സൺഡേസ്കൂൾ തലങ്ങളിൽ വളരെ നന്നായി നടന്നുവരികയാണല്ലോ. അദ്ധ്യയന വർഷം പകുതി പിന്നിട്ടിരിക്കുന്നു. അർദ്ധവാർഷിക പരീക്ഷ ജൂലൈ മാസത്തിൽ തന്നെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു കാണുമല്ലോ. അർദ്ധ വാർഷിക പരീക്ഷ എഴുതുന്നതിൽ പല കുട്ടികളും അലംഭാവം കാണിക്കുന്നതായും കുട്ടികളുടെ ഹാജർ നിലവാരം കുറയുന്നതായും മനസ്സിലാക്കുന്നു. അദ്ധ്യാപകർ സ്ഥിരമായി സൺഡേസ്കൂളുകളിൽ വന്ന് കൃത്യമായി ക്ലാസ്സുകൾ എടുക്കുന്നതായാൽ ഇത് ഒരു പരിധി വരെ മെച്ചപ്പെടുത്തുവാൻ സാധിക്കും എന്നതിൽ സംശയമില്ല. ഹെഡ്മാസ്റ്റർമാരുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകുകയും സ്റ്റാഫ് മീറ്റിംഗിലും, സൺഡേസ്കൂൾ കമ്മറ്റികളിലും വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതും ഹാജർ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## A. <u>എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റ്</u>

വളരെ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന എംജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റിന്റെ 3 നിലകളുടെ കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ച് പണികൾ നിർത്തിവച്ചിരിക്കുകയാണ്. നാളിതു വരെ ഏകദേശം ഒരു കോടി 25 ലക്ഷം കയുടെ പണികൾ പൂർത്തിയാക്കിയിട്ടുള്ളതും ബാക്കി വേലകൾക്കായി ഒരു കോടി 75 ലക്ഷം കവേണ്ടി വരുമെന്നും കണക്കാക്കുന്നു. കൂപ്പൺ പിരിവിലൂടെ പ്രസ്തുത തുക സമാഹരിക്കുന്നതിനായി കൂപ്പണുകൾ എല്ലാ സൺഡേസ്കൂളുകൾക്കും വിതരണം ചെയ്തിട്ടുള്ളതുമാണല്ലോ. മെയ് 31 നകം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പല ഭദ്രാസന ഡയറക്ടർമാരും ആവശ്യപ്പെട്ടതു പ്രകാരം ജൂൺ 30 വരെ കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതാണ്. നിശ്ചിത സമയത്തിനകം ഡിസ്ട്രിക്റ്റ്, ഭദ്രാസന തലങ്ങളിൽ ഹെഡ്മാസ്റ്റർമാരുടേയും മറ്റ് ഭാരവാഹികളുടേയും യോഗങ്ങൾ വിളിച്ച് കളക്ഷൻ സംബന്ധിച്ച കണക്കുകൾ പരിശോധിച്ചു ബോദ്ധ്യപ്പെട്ടു 30.06.2018 നകം തുക എം.ജെ.എസ്.എസ്.എ. യിൽ അടച്ചു നിശ്ചിത പ്രൊഫോർമയിൽ വിവരം എംജെ.എസ്.എസ്.എ. ജനറൽ സെക്രട്ടറിയെ രേഖാമൂലം ഭദ്രാസന ഡയറക്ടർമാർ അറിയിക്കേണ്ടതുമാണ്. എല്ലാ സൺഡേസ്കൂൾ അദ്ധ്യാപകരും ഇതിൽ പങ്കാളികളാകണം. 10,12 ക്ലാസ്സുകളിൽ ഉന്നത വിജയം നേടി ഉയർന്ന നിലയിൽ എത്തിയിട്ടുള്ളവരെ ഈ വിവരം ഹെഡ്മാസ്റ്റർമാർ അറിയിക്കുകയും അവരുടെ സഹായം സ്വീകരിക്കാവുന്നതുമാണ്. അപ്രകാരമുള്ളവരുടെ വിലാസം അറിയിക്കുന്നതായാൽ എംജെ.എസ്.എസ്.എ. നേരിട്ടു ബന്ധപ്പെടുവാൻ ശ്രദ്ധിക്കുന്നതാണ്. ഇടവകപള്ളികളും അംഗങ്ങളും ഇതിൽ പങ്കാളികളാകണമെന്ന ശ്രേഷ്ഠ ബാവായുടെ കല്പന അനുസരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. സംഭാവനകൾ നൽകുകയോ, മുറികൾ സ്പോൺസർ ചെയ്യുകയോ ചെയ്യുന്നവരുടെ പേരുകൾ എം.ജെ.എസ്.എസ്.എ. യിൽ പ്രത്യേകം പ്രസിദ്ധപ്പെടുത്തുന്നതുമാണ്. പലിശ രഹിത വായ്പകൾ നൽകിയും ഈ പദ്ധതിയെ സഹായിക്കാവുന്നതാണ്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഈ സ്വപ്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നമുക്ക് കൂട്ടായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

## B. എം.ജെ.എസ്.എസ്.എ. യുടെ വാർഷീക പൊതുയോഗം 2017 – 2018

45-ാമതു വാർഷീക പൊതുയോഗം എം.ജെ.എസ്.എസ്.എ. കേന്ദ്ര ആസ്ഥാനത്തു 2018 ജൂൺ 9 ന് ചേർന്നു. രാവിലെ 9 മണിക്കു രജിസ്ട്രേഷൻ ആരംഭിച്ചു തുടർന്ന് വൈസ് പ്രസിഡന്റ് ഫാ. സാബു സാമുവൽ പതാക ഉയർത്തി യോഗത്തിനു ആരംഭം കുറിച്ചു. ഡോ. മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം എം.ജെ.എസ്.എസ്.എ. രക്ഷാധികാരിയും ശ്രേഷ്ഠ കാതോലിക്കയുമായ നിവ.ദി.മ.ശ്രി.ഡോ. ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ ഉത്ഘാടനം ചെയ്തു. റാങ്കു ജേതാക്കൾ, 50 വർഷം സൺഡേസ്കൂൾ സേവനം പൂർത്തിയാക്കിയ സൺഡേസ്കൂൾ അദ്ധ്യാപകർ എന്നിവരെ യോഗത്തിൽ ആദരിച്ചു. മികച്ച പ്രവർത്തനങ്ങൾ കാഴ്ച വച്ച സൺഡേസ്കൂളുകൾ, ബെസ്റ്റ് ആത്മദീപം ലേഖിക, പെന്തിക്കോസ്തികാണിക്ക, ഡേ ഓഫ് ഗിവിംഗ് എന്നീ ഇനങ്ങളിൽ കൂടുതൽ തുക സമാഹരിച്ചു തന്ന പള്ളി, ജെ.എസ്.വി.ബി.എസ്. കേന്ദ്രം എന്നിവരേയും യോഗത്തിൽ ആദരിച്ചു. അവർക്കുള്ള ക്യാഷ് അവാർഡുകൾ ട്രോഫികൾ മെമന്റോകൾ എന്നിവയും ബാവ വിതരണം ചെയ്തു.

2017-18 ലെ പ്രവർത്തന റിപ്പോർട്ടു, കണക്കുകൾ, 2018-19 ലെ ബഡ്ജറ്റ് എന്നിവയും യോഗം അംഗീകരിച്ചു. തുടർന്ന് അജണ്ഡപ്രകാരമുള്ള വിഷയങ്ങളും യോഗം ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**പൊതുയോഗം കൈക്കൊണ്ട പ്രധാന തിരുമാനങ്ങൾ**

1. ബൈലാ ഭേദഗതികൾ കൂടുതൽ പഠനത്തിനും ചർച്ചകൾക്കുമായി അടുത്ത വിശേഷാൽ പൊതുയോഗത്തിലേയ്ക്ക് മാറ്റി. വിശേഷാൽ പൊതുയോഗം - 11-8-18 ൽ ചേരുന്നതിനും ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾ 15.7.18 നകം ജനറൽ സെക്രട്ടറിക്കു ലഭിക്കേണ്ടതുമാണ്.
2. ക്യാമ്പ് സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ, മറ്റ് മരാമത്തുകൾ എന്നിവയ്ക്കുള്ള തുകകൾ, സംഭാവനകൾ, പലിശ രഹിത വായ്പകൾ എന്നിവയിലൂടെ സമാഹരിച്ച് മരാമത്തുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ തീരുമാനിച്ചു.
3. ആത്മദീപം മാസികയുടെ വരിസംഖ്യ നിരക്ക് ആഗസ്റ്റ് ലക്കം മുതൽ വാർഷികം ത്രിവത്സരം, ആയുഷ്ക്കാലം (15 വർഷം) എന്നിവ യഥാക്രമം 120/-, 300/-, 1200/- എന്നിങ്ങനെ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.
4. കലോത്സവത്തിൽ +2 വിദ്യാർത്ഥികൾക്കു ക്വിസ് മത്സരം നടത്തുവാൻ തീരുമാനിച്ചു.

*മറുപുറം*

5. സെക്കന്റ് ബെസ്റ്റ് സൺഡേസ്കൂളിന് എവർറോളിംഗ് ട്രോഫി നൽകുവാൻ തീരുമാനിച്ചു.

6. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ എല്ലാ സബ്കമ്മറ്റികളിലും പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

7. ജെ.എസ്.വി.ബി.എസ്. പാഠപുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ നിർദ്ദേശങ്ങൾ പരിഗണിക്കുക

8. 2018-19 വർഷത്തെ ഓഡിറ്റർമാരായി  താഴെ പറുയന്നവരെ തിരഞ്ഞെടുത്തു.

    1. ശ്രി. സിജു ടി. പോൾ, തടയാലിൽ, രായമംഗലം, കുറുപ്പംപടി
    2. ശ്രി. റെജി ജോൺ, എടമ്പാടത്ത്, കാഞ്ഞിരമറ്റം, മുളന്തുരുത്തി

C. **അർദ്ധ വാർഷിക പരീക്ഷ :** മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും അർദ്ധ വാർഷിക പരീക്ഷ ജൂലൈ മാസത്തിൽ തന്നെ എല്ലാ ഭദ്രാസനങ്ങളിലും നടത്തിയിരിക്കണം.

D. **പെന്തിക്കോസ്തികാണിക്ക :** ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ കല്പന പ്രകാരം പള്ളികളിൽ സമാഹരിച്ചിട്ടുള്ള പെന്തിക്കോസ്തി കാണിക്ക തുക നാളിതു വരെ പല പള്ളികളിൽ നിന്നും ലഭിച്ചിട്ടില്ല. എം.ജെ.എസ്.എസ്.എ. വാർഷിക റിപ്പോർട്ടിൽ കഴിഞ്ഞ വർഷം ലഭിച്ച തുകകളുടെ വിവരം ചേർത്തിട്ടുള്ളതാണ്. തുക ഏൽപ്പിക്കാത്ത പള്ളികൾ കഴിഞ്ഞ വർഷത്തെ കാണിക്കയും ഈ വർഷത്തെ കാണിക്കയും പ്രത്യേകം കാണിച്ച്  തുകകൾ എത്രയും വേഗം എം.ജെ.എസ്. എസ്. എ.യിൽ അടച്ചു രസീതു വാങ്ങണമെന്നറിയിക്കുന്നു.

E. **ഡേ ഓഫ് ഗിവിംഗ്  :** ഓരോ ഭദ്രാസനത്തിന്റേയും വാർഷിക റിപ്പോർട്ടു പ്രകാരം കാണിച്ചിട്ടുള്ള വി.ബി.എസ്. നടന്ന എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഡേ ഓഫ് ഗിവിംഗ് ഇനത്തിൽ സമാഹരിച്ച തുകകൾ എം.ജെ.എസ്എസ്.എ.യിൽ നാളിതു വരെ ലഭിച്ചിട്ടില്ല. അപ്രകാരം നൽകാത്തവർ ആയതും ഈ വർഷം സമാഹരിച്ച തുകയും കൂടി എത്രയും വേഗം എം.ജെ.എസ്.എസ്.എ.യിൽ അടച്ചു രസീതുവാങ്ങേണ്ടതാകുന്നു.

F. **ആത്മദീപം :** ആത്മദീപം വരിക്കാരുടെ എണ്ണം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. നിങ്ങളേവരുടേയും ആത്മാർത്ഥമായ സ ഹകരണത്തെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. എല്ലാ കുടുംബങ്ങളിലും മാസിക എത്തണമെന്നതാണ് എം.ജെ. എസ്.എസ്.എ.യുടെ ലക്ഷ്യം. മാത്രമല്ല ഇതിന്റെ സുഗമമായ നടത്തിപ്പിന് പരസ്യങ്ങളും ആവശ്യമാണ്. മറ്റ് പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ച് വളരെ ചെറിയ പരസ്യനിരക്കുകളാണുള്ളത്. ആയതിലേക്കും നിങ്ങളേവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു. **ആഗസ്റ്റ് ലക്കം മുതൽ പുതുക്കിയ നിരക്കുകൾ നിലവിൽ വരുന്നതാണ്.**

G. **1. വാർഷിക പരീക്ഷ :** രജിസ്ട്രേഷൻ ഫോറങ്ങൾ (A List) 31.07.2017 നകം എം.ജെ.എസ്.എസ്.എ. കേന്ദ്ര ആഫീസിൽ ലഭിച്ചിരിക്കണം വൈകിയാൽ ലേറ്റ്ഫി അടക്കണമെന്നത് അറിയാമല്ലോ. ക്ലാസ് X, XI, XII, എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾ, പ്രൈവെറ്റ് രജിസ്ട്രേഷനുള്ള കുട്ടികൾ എന്നിവയുടെ എണ്ണം വാർഷിക സ്റ്റേറ്റുമെന്റുമായി ഒത്തിരിക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റുമെന്റു പ്രകാരമായിരിക്കും ചോദ്യപേപ്പർ പായ്ക്കു ചെയ്യുക. ഇംഗ്ലീഷ് ചോദ്യപേപ്പർ ആവശ്യമുള്ളവർ ആയതിന് പ്രത്യേക സ്റ്റേറ്റുമെന്റ് സമർപ്പിക്കേണ്ടതാണ്. അസ്സോസിയേഷൻ ഫണ്ട്, പെൻഷൻ ഫണ്ട്, കൂപ്പൺ കളക്ഷൻ തുക എന്നിവയും യഥാസമയം അടച്ചിരിക്കണം. ഡിസ്ട്രിക്റ്റിലെ പരീക്ഷാ സെന്റർ, ഹാളുകളുടെ എണ്ണം, കുട്ടികളുടെ എണ്ണം,എന്നിവ കൃത്യമായി രേഖപ്പെടുത്തി;വാർഷിക സ്റ്റേറ്റ്മെന്റ് 31.7.18 നകം ജനറൽ സെക്രട്ടറിക്കു ലഭിച്ചിരിക്കണം.

**2. ഫീസ് വിവരം :** വാർഷിക പിരിവ് കുട്ടി ഒന്നിന് - 5/ക

| | | | | |
|---|---|---|---|---|
| ക്ലാസ് X | - 20/ക, | പ്രൈവെറ്റ് | ക്ലാസ് X | - 50/ക |
| ക്ലാസ് XI | - 25/ക, | തോറ്റവർ | ക്ലാസ് XII | - 20/ക |
| റീവാലുവേഷൻ | - 100/ക | | | |

വാർഷിക പരീക്ഷ യാതൊരു പരാതിയുമില്ലാതെ കുറ്റമറ്റ രീതിയിൽ നടത്തുവാൻ നിങ്ങളേവരുടേയും ആത്മാർത്ഥമായ കരുതൽ ഉണ്ടാകണം. അതിനായി സ്റ്റേറ്റുമെന്റുകൾ യഥാസമയം തന്നെ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി ഫീസിനങ്ങളും, മറ്റ് ഫണ്ടുകളും വീഴ്ചകൂടാതെ എം.ജെ.എസ്എസ്.എ.യിൽ ലഭിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഭാരവാഹികൾ ചെയ്യേണ്ടതാകുന്നു.

H. **ഇൻസ്പെക്ഷൻ : -** എം.ജെ.എസ്.എസ്.എ. ഭരണഘടന നിർദ്ദേശിക്കുന്ന പ്രകാരം സൺഡേസ്കൂളുകൾ ഇൻസ്പെക്ഷൻ നടത്തി നിശ്ചിത ഫോമിൽ റിപ്പോർട്ടുകൾ ജനറൽ സെക്രട്ടറിക്കു അയച്ചു തരുന്നതിൽ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സഭ ഇന്ന് വളരെ ക്ലേശങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. സത്യവിശ്വാസ സംരക്ഷണത്തിനും ഇടവക പള്ളികളുടേയും സൺഡേസ്കൂളുകളുടേയും സ്വാതന്ത്ര്യത്തിനും, പള്ളികളുടെ സ്ഥാപനോദ്ദേശം നിലനിർത്തുന്നതിനുമുള്ള സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും സൺഡേസ്കൂൾ പ്രവർത്തകർ പ്രത്യേകം ശ്രദ്ധാലുക്കളാകുകയും വേണം. പരിശുദ്ധ പാത്രിയർക്കീസ് ബാവ, ശ്രേഷ്ഠ കാതോലിക്ക ബാവ, സഭയിലെ മറ്റ് മെത്രാപ്പോലീത്താ തിരുമേനിമാർ എന്നിവരോടുള്ള ഭയഭക്തി ആദരവുകളും കൂറും വിധേയത്വവും നിലനിർത്തി പരി. അന്ത്യോഖ്യ സിംഹാസനത്തിന്റെ കീഴിൽ അടിയുറച്ച് മുൻപോട്ട് പോകുവാൻ സൺഡേസ്കൂൾ പ്രവർത്തകർ പ്രതിജ്ഞാബദ്ധരായിരിക്കണം.

എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളേവരുടേയും കൂട്ടായ സഹായവും സഹകരണവും പ്രതിക്ഷിച്ചുകൊണ്ട്

കർത്താവിൽ എളിയ ശുശ്രൂഷകൻ

ഷെവ. എം. ജെ. മർക്കോസ്
ജനറൽ സെക്രട്ടറി
MOB. 9745046911,8281325911